"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂളുകളിൽ 2019-2020 വർഷം വരെ നിയമിതരായവരിൽ നിയമനസമയത്ത് കെ-ടെറ്റ് യോഗ്യതയില്ലാതിരിക്കുകയും പ്രസ്തുത യോഗ്യത ആർജ്ജിക്കുന്നതിനു നല്കിയ സമയപരിധിയ്ക്കുള്ളിൽ ആയതു നേടുകയും ചെയ്ത അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(കൈ) നം.104/2021/പൊ.വി.വ** തീയതി,തിരുവനന്തപുരം, 19/02/2021

---

പരാമർശം:- 1

25/07/2012 ലെ സ.ഉ (പി) നം. 244/12/പൊവിവ

2

15/11/2019-ലെ സ.ഉ (കൈ) നം. 194/19/പൊവിവ

3

12/02/2021-ലെ സ.ഉ (കൈ) നം. 58/2021/പൊവിവ

**ഉത്തരവ്**

2009-ലെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു അധ്യാപകരായി നിയമനം ലഭിക്കുന്നതിനായി ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (TET) നിർബന്ധമാക്കുകയും, തുടർന്ന്, പരാമർശം (1) പ്രകാരം 01/06/2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരാവുന്ന സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് വേണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി.

2) പിന്നീട് വിവിധ ഘട്ടങ്ങളിലായി TET പാസാവുന്നതിൽ നിന്നും നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചതിനെ അടിസ്ഥാനപ്പെടുത്തി ഇടവിട്ടുള്ള ഉത്തരവുകളിലൂടെ കെ-ടെറ്റ് പാസ്സാകുന്നതിനുള്ള സമയപരിധി

31/03/2019 വരെ ദീർഘിപ്പിച്ചുനല്കി. പരാമർശം ( 2 ) പ്രകാരം 31/03/2019 വരെ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2020-2021 അധ്യയന വർഷാരംഭം വരെ ദീർഘിപ്പിക്കുകയും 31/3/2019 വരെ നിയമിതരായവരിൽ പ്രസ്തുത യോഗ്യതയുടെ അഭാവത്തിൽ നിയമനാംഗീകാരം ലഭിക്കാത്തവർക്ക് മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ നിയമനാംഗീകാരം നൽകുവാനും നിർദ്ദേശിച്ചു. അതോടൊപ്പം, അവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നീ വിഷയങ്ങളിൽ പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

3) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് പരീക്ഷകൾ നിശ്ചിത സമയത്തിനകം നടത്താൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത്, പരാമർശം (3) പ്രകാരം 2019-2020 വർഷം വരെ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് പാസാകുന്നതിന് 2020-2021 സ്കൂൾ വർഷാവസാനം വരെ സമയപരിധി ദീർഘിപ്പിച്ചുനല്കി.

4) K-TET യോഗ്യത ആർജ്ജിക്കുന്നതിന് മേല്പറഞ്ഞവിധം സർക്കാർ ദീർഘിപ്പിച്ചുനല്കിയ കാലയളവിനുള്ളിൽ ടീച്ചർമാർ പ്രസ്തുത യോഗ്യത ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ ഇൻക്രിമെന്റ്, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവ സംബന്ധിച്ച വ്യക്തത വരുത്തുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂളുകളിൽ 01.06.2012 മുതൽ 31.03.2020 വരെ നിയമിതരായ, നിയമനസമയത്ത് കെ-ടെറ്റ് യോഗ്യതയില്ലാതിരുന്ന ടീച്ചർമാർ, സർക്കാർ അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ പ്രസ്തുത യോഗ്യത ആർജ്ജിച്ചിട്ടുള്ളപക്ഷം, അവരെ കെ.ഇ.ആർ അധ്യായം XIV A ചട്ടം 3 ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിർദ്ദിഷ്ടയോഗ്യത ഉള്ളവരായി കണക്കാക്കി, അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ കെ.ഇ.ആർ അധ്യായം XIV A യിലെ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീർപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ , KITE, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by PARVATHY S A

സെക്ഷൻ ഓഫീസർ

Date: 2021.02.19 20:32:36 IST

Reason: Approved